# പതിനാലാം കേരള നിയമസഭ

# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി I

## (SUBJECT COMMITTEE I)

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

## (AGRICULTURE, ANIMAL HUSBANDRY AND FISHERIES)

**2018-2019 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

2019 ജൂലൈ 2-ാം തീയതി സമർപ്പിച്ചത്


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി I

# (SUBJECT COMMITTEE I)

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

## (AGRICULTURE, ANIMAL HUSBANDRY AND FISHERIES)

**2018-2019 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236- ാം ചട്ടത്തിന്റെ (5) -ാം ഉപചട്ടപ്രകാരമുള്ളത്]

745/2019.

# ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന .. | v |
| അവതാരിക .. | vii |
| റിപ്പോർട്ട് .. | 1 |

# സബ്ജക്ട് കമ്മിറ്റി I
## (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)
## (2019-2021)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. വി. എസ്. സുനിൽ കുമാർ,
കൃഷി വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീ. കെ. രാജു,
വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ,
മത്സ്യബന്ധനവും ഹാർബർ എൻജിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. പാറക്കൽ അബ്ദുള്ള, എം.എൽ.എ.

ശ്രീ. എ. പി. അനിൽ കുമാർ, എം.എൽ.എ.

ശ്രീ. ചിറ്റയം ഗോപകുമാർ, എം.എൽ.എ.

ശ്രീ. കെ. കുഞ്ഞിരാമൻ, എം.എൽ.എ.

ശ്രീ. എം. നൗഷാദ്, എം.എൽ.എ.

ശ്രീ. എസ്. ശർമ്മ, എം.എൽ.എ.

ശ്രീ. കെ. വി. വിജയദാസ്, എം.എൽ.എ.

ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. സി. ജോസ്, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി

ശ്രീ. എസ്. സുനിൽകുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

# അവതാരിക

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ 2018-2019 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമർപ്പിക്കുന്നു.

2018-2019 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ മൂന്നാമത് റിപ്പോർട്ടിലെ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

സബ്ജക്ട് കമ്മിറ്റി I-ന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് 2018 ഫെബ്രുവരി 26-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടികളുടെ സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ 25-9-2018, 28-5-2019, 27-6-2019 എന്നീ തീയതികളിലെ യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

27-6-2019-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

വി. എസ്. സുനിൽ കുമാർ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി* I.

തിരുവനന്തപുരം,
2019 ജൂൺ 27.

# റിപ്പോർട്ട്

## അദ്ധ്യായം I

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിൽ മറുപടി ലഭിച്ച ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളും.

### ശിപാർശ

2401-00-001-88—മലബാർ മാർക്കറ്റ് കമ്മിറ്റിയ്ക്കുള്ള സഹായം

വിഹിതം : 50,00,000 രൂപ (പദ്ധതിയേതരം)

63 പെൻഷൻകാർക്ക് ഒരു വർഷത്തെ മിനിമം പെൻഷൻ, ഡി.ആർ., മെഡിക്കൽ അലവൻസ്, ഫെസ്റ്റിവൽ അലവൻസ് എന്നിവയും പെൻഷൻ വർദ്ധിപ്പിച്ച ഇനത്തിൽ കൊടുക്കാനുള്ള പെൻഷൻ കുടിശ്ശികയും ഡി.ആർ. കുടിശ്ശികയും നൽകാൻ അധിക തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 47 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

### സർക്കാർ സ്വീകരിച്ച നടപടി

2018-19 സാമ്പത്തിക വർഷത്തെ ആദ്യ ബാച്ചിലെ അധിക ധനാഭ്യർത്ഥനയ്ക്കുള്ള (Supplementary Demand for Grants) പ്രൊപ്പോസലിൽ 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 1,17 എന്നിവയ്ക്ക് സമിതി ശിപാർശ ചെയ്തിട്ടുള്ള അധിക തുക വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല

### ശിപാർശ

2401-00-102-90—ഗ്രൂപ്പ് ഫാമിംഗ് മുഖേന നെൽകൃഷിവികസനം (ജില്ലാപദ്ധതി)

വിഹിതം : 87,65,00,000 രൂപ (പദ്ധതി)

പ്രാദേശിക അടിസ്ഥാനത്തിൽ ഉല്പാദനത്തോടൊപ്പം വിപണനവും സാധ്യമാക്കുന്നതിനായി പ്രാദേശിക സംസ്കരണത്തിനായി മിനി റൈസ് മില്ലുകൾ സ്ഥാപിക്കൽ, നെൽകൃഷി വികസനത്തിനായുള്ള വിവിധ പദ്ധതികളുടെ ബ്ലോക്കതല സംയോജന

ത്തിനായി പദ്ധതിയധിഷ്ഠിത സഹായം, സുസ്ഥിര നെൽകൃഷി വികസനം, 2018-19-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചു പ്രകാരം ആർ.കെ.വി.വൈ.-ൽ അനുവദിച്ചിരിക്കുന്ന മുഴുവൻ തുകയും സംസ്ഥാന വിഹിതത്തിൽ നിന്നും നൽകൽ എന്നിവയ്ക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 73.8 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

## സർക്കാർ സ്വീകരിച്ച നടപടി

2018-19 വർഷം ബജറ്റ് വിഹിതമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ഘടകങ്ങൾക്ക് ഉപധനാഭ്യർത്ഥനയായി ഒന്നാം ബാച്ചിൽ തുക ആവശ്യപ്പെട്ടിരുന്നു:

(a) പ്രാദേശിക സംസ്കരണത്തിനായി മിനി റൈസ് മില്ലുകൾ സ്ഥാപിക്കാൻ-300 ലക്ഷം.

(b) നെൽകൃഷി വികസനത്തിനുള്ള വിവിധ പദ്ധതികളുടെ ബ്ലോക്ക്തല സംയോജനത്തിനായി പദ്ധതിയധിഷ്ഠിത സഹായം -1200 ലക്ഷം.

(c) സുസ്ഥിര നെൽകൃഷി വികസനത്തിനായി 6,000 ലക്ഷം രൂപ, 1.0409 ലക്ഷം ഹെക്ടർ സ്ഥലത്തെ കൃഷിയ്ക്ക് തുക വകയിരുത്തിയിരുന്നു. ഈ ഘടകത്തിന് ആനുകൂല്യം നൽകേണ്ടത് 1.98 ലക്ഷം ഹെക്ടറിന് ആകയാൽ അധികമായി കൃഷി ചെയ്ത 0.8891 ലക്ഷം ഹെക്ടർ സ്ഥലത്തെ കൃഷിക്ക് 5500/ഹെക്ടർ നിരക്കിൽ വേണ്ട തുക 4890 ലക്ഷം രൂപയാണ്. RKVY പദ്ധതി പ്രകാരം 4500 ലക്ഷം രൂപ അനുവദിച്ചതിനാൽ ബാക്കി അനുവദിക്കേണ്ട തുക (4890-4500) = 390 ലക്ഷം.

11/2018 രണ്ടാം ബാച്ചിലും ഉപധനാഭ്യർത്ഥനവഴി പ്രസ്തുത തുക ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചിരുന്നില്ല.

12/2018-ലെ മൂന്നാം ബാച്ചിൽ ഉപധനാഭ്യർത്ഥനവഴി തുക വീണ്ടും ആവശ്യപ്പെട്ടെങ്കിലും തുക അനുവദിച്ചിട്ടില്ല.

## ശിപാർശ

2401-00-104-91—ഡിപ്പാർട്ട്മെന്റ് കൃഷി സ്ഥലങ്ങൾ മുഖേന നടീൽ വസ്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കൽ

വിഹിതം : 16,90,00,000 രൂപ (പദ്ധതി)

WCT/കറിയയിനം വിത്തു തേങ്ങകളുടേയും സങ്കരയിനങ്ങളുടേയും വില പുതുക്കി നിശ്ചയിക്കുന്നതിന് ആവശ്യമായ 150 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സർക്കാർ സ്വീകരിച്ച നടപടി

WCT/കറിയയിനം വിത്തുതേങ്ങകളുടേയും സങ്കരയിനങ്ങളുടേയും വില പുതുക്കി നിശ്ചയിക്കുന്നതിന് അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2401-00-105-85—ഓർഗാനിക് ഫാമിംഗ്

വിഹിതം : 10,11,00,000 രൂപ (പദ്ധതി)

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജൈവവളങ്ങൾ കർഷകരുടെ കൃഷിയിടങ്ങളിൽ തന്നെ ഉല്പാദിപ്പിക്കുന്നതിനുവേണ്ടി ഒരു യൂണിറ്റിന് 5,000 രൂപ എന്ന നിരക്കിൽ 1000 യൂണിറ്റുകൾക്കും ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള ജൈവകൃഷിയിൽ 2017-18-ൽ പൂർത്തിയായ 500 ക്ലസ്റ്ററുകൾക്ക് ഒന്നിന് 25,000 രൂപ ക്രമത്തിലും നൽകുന്നതിന് ബജറ്റിൽ ഉൾപ്പെടുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.75 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം 05/2018-നുള്ള ഒന്നാം ബാച്ച് എസ്.ഡി.ജി.യിൽ ഉപധനാഭ്യർത്ഥനയായി 390 ലക്ഷം രൂപയും 11/2018-നുള്ള രണ്ടാം ബാച്ച് ഉപധനാഭ്യർത്ഥനയിലൂടെ 208.16 ലക്ഷം രൂപയും 12/2018-നുള്ള മൂന്നാം ബാച്ച് ഉപധനാഭ്യർത്ഥനയിലൂടെ 208.16 ലക്ഷം രൂപയും ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

2401-00-107-78—വിളകളുടെ ആരോഗ്യ സംരക്ഷണം

വിഹിതം: 16,48,00,000 രൂപ (പദ്ധതി)

കേരളത്തിൽ ആദ്യമായി നെല്ലിന്റെ വിള പരിപാലനത്തിനായി ഡ്രോൺസ് (Drones) ഉപയോഗിക്കുന്ന പദ്ധതി 2017-18-ലാണ് ആരംഭിച്ചത്. അതിനായി ആ വർഷം തുക ബജറ്റിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ഈ വർഷം ഈ ഘടകത്തിൽ തുക ഉൾപ്പെടുത്തിക്കാണുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ഘടകം പുനഃസ്ഥാപിച്ച് 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

## സർക്കാർ സ്വീകരിച്ച നടപടി

കേരളത്തിൽ ആദ്യമായി നെല്ലിന്റെ വിള പരിപാലനത്തിനായി ഡ്രോൺസ് ഉപയോഗിക്കുന്ന പദ്ധതി 2017-2018 വർഷം ആരംഭിച്ചിരുന്നു. എന്നാൽ 2018-2019 വർഷം ഈ ഘടകത്തിൽ ബജറ്റിൽ തുക ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ 05/2018 ഒന്നാം ബാച്ച് ഉപധനാഭ്യർത്ഥനയായും 11/2018 രണ്ടാം ബാച്ച് ഉപധനാഭ്യർത്ഥനയായി 50 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നു. എന്നാൽ തുക യാതൊന്നും അനുവദിച്ചിരുന്നില്ല. 12/2018-നുള്ള മൂന്നാം ബാച്ച് ഉപധനാഭ്യർത്ഥനയായി 50 ലക്ഷം രൂപ ആവശ്യപ്പെട്ടെങ്കിലും തുക അനുവദിച്ചിട്ടില്ല.

## ശിപാർശ

2401-00-109-80—കാർഷിക വ്യാപനം ശക്തിപ്പെടുത്തൽ

വിഹിതം: 44,00,00,000 രൂപ (പദ്ധതി)

ലീഡ്സ് പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കുന്ന ഫീൽഡ് അസിസ്റ്റന്റുമാർക്കുള്ള പ്രതിമാസ ഓണറേറിയം വർദ്ധിപ്പിക്കുന്നതിനും 2012-13-ൽ വാങ്ങിയ വാഹനങ്ങളുടെ റിപ്പയറിംഗിനും വർദ്ധിച്ച ഇന്ധന ചെലവിനും പുതിയ അവാർഡുകൾ നൽകുന്നതിന് സൈബർ എക്സ്റ്റൻഷനുമായി ബന്ധപ്പെട്ട അധിക ചെലവുകൾക്കുമായി ബജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.51 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

## സർക്കാർ സ്വീകരിച്ച നടപടി

ലീഡ്സ് പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കുന്ന ഫീൽഡ് അസിസ്റ്റന്റുമാർക്കുള്ള പ്രതിമാസ ഓണറേറിയം വർദ്ധിപ്പിക്കുന്നതിനും 2012-13-ൽ വാങ്ങിയ വാഹനങ്ങളുടെ

റിപ്പയറിംഗിനും വർദ്ധിച്ച ഇന്ധനച്ചെലവിനും പുതിയ അവാർഡുകൾ നൽകുന്നതിനും സൈബർ എക്സ്റ്റൻഷനുമായി ബന്ധപ്പെട്ട അധിക ചെലവുകൾക്കുമായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാകയാൽ താഴെപ്പറയും പ്രകാരമുള്ള തുക 05/2018-ലെ ഒന്നാം ബാച്ചിലും 11/2018-ലെ രണ്ടാം ബാച്ചിലും ഉപധനാഭ്യർത്ഥനയായി ആവശ്യപ്പെട്ടിരുന്നു:

(a) ലീഡ്സ് പദ്ധതിയിൻകീഴിൽ പ്രവർത്തിക്കുന്ന ഫീൽഡ് അസിസ്റ്റന്റുമാർക്കുള്ള പ്രതിമാസ ഓണറേറിയം -89 ലക്ഷം.

(b) ഇന്ധനച്ചെലവും വാഹനങ്ങളുടെ റിപ്പയറിംഗിനും -50 ലക്ഷം.

(c) സൈബർ എക്സ്റ്റൻഷനും അവാർഡും -12 ലക്ഷം.

മൊത്തം -151 ലക്ഷം.

എന്നാൽ തുക യാതൊന്നും അനുവദിക്കാത്തതിനാൽ, പ്രസ്തുത തുക 12/2018-ലെ മൂന്നാം ബാച്ചിലും ആവശ്യപ്പെട്ടെങ്കിലും തുക അനുവദിച്ചിട്ടില്ല.

## ശിപാർശ

2401-00-109-76—കർഷക ക്ഷേമനിധി ബോർഡ്

വിഹിതം : 30,00,000 രൂപ (പദ്ധതി)

2018-19-ൽ പൂർണ്ണ തോതിൽ ആരംഭിക്കുന്ന കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

## സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം 05/2018-നുള്ള ഒന്നാം ബാച്ച് ഉപധനാഭ്യർത്ഥനയിലൂടെ 70 ലക്ഷം രൂപയും 11/2018-നുള്ള രണ്ടാം ബാച്ച് ഉപധനാഭ്യർത്ഥനയിലൂടെ 70 ലക്ഷം രൂപയും 12/2018-ലെ മൂന്നാം ബാച്ച് ഉപധനാഭ്യർത്ഥനയിലൂടെ 70 ലക്ഷം രൂപയും ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിക്കുകയുണ്ടായില്ല.

## ശിപാർശ

2401-00-113-83—കാർഷിക സേവന കേന്ദ്രവും സേവനം എത്തിക്കലും

വിഹിതം : 23,27,00,000 രൂപ (പദ്ധതി)

കൃഷി ഭവനുകളിൽ അനുവദിച്ചിട്ടുള്ള ടൂവീലറുകളുടെ റിപ്പയർ വർക്കിനും ഇൻഷ്വറൻസിനും അധിക ഇന്ധന ചെലവിനും ആവശ്യമായ മെഷീനറികൾ വാങ്ങുന്നതിനുമായി ഈ ശീർഷകത്തിൽ 1.25 കോടി രൂപ ധന പുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പ്രസ്തുത ഘടകത്തിന് അനുവദിച്ച ബജറ്റ് വിഹിതമായ 2327 ലക്ഷം രൂപ അപര്യാപ്തമായതിനാൽ കൃഷി ഭവനുകൾക്ക് അനുവദിച്ച ടൂവീലറുകളുടെ റിപ്പയർ വർക്കിനും ഇന്ധന ചെലവിനും 50 ലക്ഷം രൂപയും, ആവശ്യമായ മെഷീനറികൾ വാങ്ങുന്നതിന് 75 ലക്ഷം രൂപയും കൂടി മൊത്തം 125 ലക്ഷം രൂപ 05/2018-ലെ ഒന്നാം ബാച്ചിലും, 11/2018-ലെ രണ്ടാം ബാച്ചിലും, 12/2018-ലെ മൂന്നാം ബാച്ചിലും അധിക ധനാഭ്യർത്ഥനവഴി കൃഷി വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2401-00-115-99—<u>ചെറുകിട നാമമാത്ര നെൽകൃഷിക്കാർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി</u>

വിഹിതം : 35,00,00,000 രൂപ (പദ്ധതിയേതരം)

കർഷകർക്ക് സൗജന്യമായി വൈദ്യുതി നൽകുന്നതിന് വേണ്ട തുകയും മുൻവർഷങ്ങളിലെ കടിശ്ശികയും കൂടാതെ പോളി ഹൗസ് കൃഷിക്ക് നൽകുന്ന സൗജന്യ പ്രകാരമുള്ള ആനുകൂല്യവും നൽകുന്നതിനായി ഈ ശീർഷകത്തിൽ 20.07 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ,സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ചെറുകിട നാമമാത്ര നെൽകൃഷിക്കാർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതിയ്ക്ക് വേണ്ട ബജറ്റ് വിഹിതമായി വകയിരുത്തിയ തുക അപര്യാപ്തമാകയാൽ മുൻ വർഷത്തെ കടിശ്ശികയും നിലവിലുള്ള വർഷത്തെ ആവശ്യമായ തുകയും 05/2018 ഒന്നാം ബാച്ചിൽ ഉപധനാഭ്യർത്ഥനയായി 22.1793 കോടി രൂപയും രണ്ടാം ബാച്ചിലെ ഉപധനാഭ്യർത്ഥനയായി 19.3057 കോടി രൂപയും ആവശ്യപ്പെട്ടിരുന്നു. എന്നാൽ തുക യാതൊന്നും അനുവദിച്ചില്ല. 12/2018-ലുള്ള മൂന്നാം ബാച്ചിൽ ഉപധനാഭ്യർത്ഥനയായി 33.3349 കോടി രൂപ ആവശ്യപ്പെട്ടെങ്കിലും തുക അനുവദിച്ചിരുന്നില്ല.

എന്നാൽ 287.36 ലക്ഷം രൂപ അധിക ധനാനുമതിയിലൂടെ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2401-00-115-98—ചെറുകിട നാമമാത്ര കർഷക പെൻഷൻ

വിഹിതം : 360,00,00,000 രൂപ (പദ്ധതിയേതരം)

ചെറുകിട നാമമാത്ര കർഷകർക്ക് കാലാകാലങ്ങളിലായി പെൻഷൻ കുടിശ്ശിക നൽകുന്നതിനായി 637.1626 കോടി രൂപ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ ബജറ്റ് വിഹിതമായി ഈ ശീർഷകത്തിൽ 360 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. വളരെയധികം അവശതകളനുഭവിക്കുന്ന ചെറുകിട നാമമാത്ര കർഷകർക്ക് കുടിശ്ശികയില്ലാതെ പെൻഷൻ നൽകേണ്ടത് സർക്കാരിനെ സംബന്ധിച്ചിടത്തോളം അത്യാവശ്യമായതിനാൽ ഈ ശീർഷകത്തിൽ 277.1626 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം 05/2018-നുള്ള ആദ്യ ബാച്ച് ഉപധനാഭ്യർത്ഥനയിലൂടെ 298.53 കോടി രൂപയും 11/2018-നുള്ള രണ്ടാം ബാച്ച് ഉപധനാഭ്യർത്ഥനയിലൂടെ 258.8049 കോടി രൂപയും 12/2018-ലെ മൂന്നാം ബാച്ച് ഉപധനാഭ്യർത്ഥനയിലൂടെ 249.7048 കോടി രൂപയും ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിക്കുകയുണ്ടായില്ല. എന്നാൽ അധിക ധനാഭ്യർത്ഥനയിലൂടെ 119.7048 കോടി രൂപ ലഭിക്കുകയും ആയത് സാമ്പത്തിക വർഷാവസാനത്തിൽ ക്രമീകരിക്കുകയുണ്ടായി.

ശിപാർശ

2401-00-119-85—കൃഷി വകുപ്പ് മുഖേനയുള്ള പച്ചക്കറി വികസനം

വിഹിതം : 80,00,00,000 രൂപ (പദ്ധതി)

പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായുള്ള ജില്ലാ ക്ലസ്റ്റർ വികസനം, സ്റ്റാഗേർഡ് ക്ലസ്റ്റർ എന്ന ഉപഘടകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന കൃഷിയിടങ്ങൾക്ക് വേണ്ടി വരുന്ന ചെലവ്, പ്രോജക്ട് അടിസ്ഥാനത്തിലുള്ള സ്ഥാപനങ്ങളിലെ പച്ചക്കറി കൃഷി, റെയിൻ ഷെൽട്ടർ എന്നീ ഘടകങ്ങൾക്ക് ആവശ്യക്കാരുള്ളതിനാൽ ഇതിനുവേണ്ടി വരുന്ന ചെലവ് എന്നിവയ്ക്കായി 7 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം 05/2018-നുള്ള ആദ്യ ബാച്ച് ഉപധനാഭ്യർത്ഥനയിലൂടെ 11.2 കോടി രൂപയും 11/2018-നുള്ള രണ്ടാം ബാച്ച് ഉപധനാഭ്യർത്ഥനയിലൂടെ 17.2053 കോടി രൂപയും 12/2018-ലുള്ള മൂന്നാം ബാച്ച് ഉപധനാഭ്യർത്ഥനയിലൂടെ 17.2053 കോടി രൂപയും ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിക്കുകയുണ്ടായില്ല

ശിപാർശ

2401-00-191-50—മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള ധനസഹായം

വിഹിതം : 50,000 രൂപ (പദ്ധതിയേതരം)

സംസ്ഥാനത്ത് 2 ലക്ഷം ഹെക്ടറിൽ നെൽകൃഷി ചെയ്യുന്നതിലേയ്ക്ക് ഹെക്ടറിൽ 1,000 രൂപ ഒരു സീസണിൽ എന്ന നിരക്കിൽ ഉല്പാദന ബോണസ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 59 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്ത് നെൽകൃഷി ചെയ്യുന്നതിലേയ്ക്ക് ഹെക്ടറിന് 1,000 രൂപ ഒരു സീസണിൽ എന്ന നിരക്കിൽ ഉല്പാദന ബോണസ് നൽകുന്നതിനായി 05/2018-നുള്ള ഒന്നാം ബാച്ചിലും 11/2018 നുള്ള രണ്ടാം ബാച്ചിലും ഉപധനാഭ്യർത്ഥനയായി 48 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നു. തുക ഒന്നും അനുവദിക്കാത്തതിനാൽ 12/2018-നുള്ള മൂന്നാം ബാച്ചിൽ ഉപധനാഭ്യർത്ഥനയായി 48.52 ലക്ഷം രൂപ ആവശ്യപ്പെട്ടെങ്കിലും തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2401-00-192-50—മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം

വിഹിതം : 40,00,000 രൂപ (പദ്ധതിയേതരം)

സംസ്ഥാനത്ത് 2 ലക്ഷം ഹെക്ടറിൽ നെൽകൃഷി ചെയ്യുന്നതിലേയ്ക്ക് ഹെക്ടറിൽ 1,000 രൂപ ഒരു സീസണിൽ എന്ന നിരക്കിൽ ഉല്പാദന ബോണസ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 1.51 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

#### സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്ത് നെൽകൃഷി ചെയ്യുന്നതിലേയ്ക്ക് 1,000 രൂപ ഒരു സീസണിൽ എന്ന നിരക്കിൽ ഉല്പാദന ബോണസ് നൽകുന്നതിനായി 05/2018-നുള്ള ഒന്നാം ബാച്ചിലും 11/2018-നുള്ള രണ്ടാം ബാച്ചിലും ഉപധനാഭ്യർത്ഥനയായി 110.98 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നു. തുക യാതൊന്നും അനുവദിക്കാത്തതിനാൽ 12/2018-നുള്ള മൂന്നാം ബാച്ചിൽ ഉപധനാഭ്യർത്ഥനയായി 87.81 ലക്ഷം രൂപ ആവശ്യപ്പെട്ടെങ്കിലും തുക അനുവദിച്ചിട്ടില്ല.

#### ശിപാർശ

2401-00-198-50—ഗ്രാമപഞ്ചായത്തുകൾക്കുള്ള ധനസഹായം

വിഹിതം : 13,24,00,000 രൂപ (പദ്ധതിയേതരം)

സംസ്ഥാനത്ത് 2 ലക്ഷം ഹെക്ടറിൽ നെൽകൃഷി ചെയ്യുന്നതിലേയ്ക്ക് ഹെക്ടറിൽ 1,000 രൂപ ഒരു സീസണിൽ എന്ന നിരക്കിൽ ഉല്പാദന ബോണസ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 25.57 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

#### സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്ത് നെൽകൃഷി ചെയ്യുന്നതിലേയ്ക്ക് ഹെക്ടറിന് 1,000 രൂപ നിരക്കിൽ ഒരു സീസണിൽ ഉല്പാദന ബോണസ് നൽകുന്നതിനായി 05/2018-നുള്ള ഒന്നാം ബാച്ചിലും 11/2018-നുള്ള രണ്ടാം ബാച്ചിലും ഉപധനാഭ്യർത്ഥനയായി 607.86 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നു. എന്നാൽ തുക യാതൊന്നും അനുവദിച്ചിരുന്നില്ല. 12/2018-നുള്ള മൂന്നാം ബാച്ചിൽ ഉപധനാഭ്യർത്ഥനയായി 1802.99 ലക്ഷം രൂപ ആവശ്യപ്പെട്ടെങ്കിലും തുക അനുവദിച്ചിട്ടില്ല.

#### ശിപാർശ

2401-00-800-91—പ്രകൃതിക്ഷോഭം നേരിടുന്നതിനുള്ള കരുതൽ നടപടി

വിഹിതം : 5,00,00,000 രൂപ (പദ്ധതി)

കർഷകർക്കുള്ള വിള നാശത്തിനുള്ള നഷ്ടപരിഹാരത്തുക കഴിഞ്ഞ രണ്ടുവർഷത്തെ കുടിശ്ശിക നൽകാനുണ്ടെന്നും കേന്ദ്ര ഗവൺമെന്റിന്റെ ഈ ആവശ്യത്തിനു നൽകുന്ന SDRF വിഹിതം ചെറിയ തുകയാണെന്നും 29-9-2015-ലെ സ.ഉ.(ആർ.ടി.) നമ്പർ 182/15/കൃഷി

പ്രകാരം സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റ് വിഹിതം കഴിച്ചുള്ള തുക നൽകുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ഈ ആവശ്യത്തിലേയ്ക്കായി ബജറ്റിൽ നൽകിയിരിക്കുന്ന തുക തീരെ കുറവാണെന്ന് സമിതിക്കു ബോദ്ധ്യപ്പെട്ടതിനാൽ ഈ ശീർഷകത്തിൽ 54 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

12-7-2018-ലെ സർക്കാർ ഉത്തരവ് 5978/2018/Fin. പ്രകാരം 10901 ലക്ഷം രൂപയും, 29-11-2018-ലെ സർക്കാർ ഉത്തരവ് 9827/2018/Fin. പ്രകാരം 1000 ലക്ഷം രൂപയും അധിക ധന വിനിയോഗംവഴി പ്രകൃതിക്ഷോഭം നേരിടുന്നതിന് അനുവദിച്ച് നൽകിയിട്ടുണ്ട്. 2019-20-ലെ വാർഷിക ബജറ്റിനോടൊപ്പം ഉപധനാഭ്യർത്ഥനവഴി 12001 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ 8-3-2019-ലെ G.O. (Rt.) No. 885/2019/RD പ്രകാരം പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് 54 കോടി രൂപ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

<u>ശിപാർശ</u>

2435-01-800-99—<u>മാർക്കറ്റ് വികസനം</u>

വിഹിതം : 15,17,00,000 രൂപ (പദ്ധതി)

2018-19 സാമ്പത്തിക വർഷത്തെ ബജറ്റിൽ "വിപണി വികസനം ശക്തിപ്പെടുത്തൽ" എന്ന പദ്ധതിക്കായി 2435-01-800-99-പ്ലാൻ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക വളരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ "കൃഷി വകുപ്പിന്റെ കീഴിലുള്ള 6 കാർഷിക മൊത്ത വ്യാപാര വിപണികളുടെയും 5 ജില്ലാതല സംഭരണ കേന്ദ്രങ്ങളുടെയും അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന്" എന്ന ഘടകത്തിന് 300 ലക്ഷം രൂപയും "കർഷകരുടെയും കർഷക കൂട്ടായ്മയിലൂടെയും ഉല്പാദിപ്പിക്കുന്ന വിഷവിമുക്ത കാർഷികോൽപ്പന്നങ്ങൾ ഉപഭോക്താക്കളിലെത്തിക്കുന്നതിനായി ആരംഭിച്ച പദ്ധതി ഘടകമായ "ചെയിൻ ഓഫ് ഇക്കോഷോപ്പ്" എന്ന പദ്ധതിക്ക് 434 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്നും കൂടാതെ ഈ ശീർഷകത്തിലെ "കേരള കാർഷികവില നിർണ്ണയ ബോർഡിന്റെ വിവിധ പ്രവർത്തനച്ചെലവുകൾക്കായി അധികതുക" എന്ന ഘടകത്തിന് 50 ലക്ഷം രൂപ 2435-01-800-94-മൂല്യവർദ്ധനവ് (പ്ലാൻ) എന്ന ശീർഷകത്തിലെ ആറാമത്തെ ഘടകമായ "ആഗ്രോ ബിസിനസ്സ് കമ്പനി (KABCO) സ്ഥാപിക്കുന്നതിനും മാനവവിഭവശേഷി സഹായവും" എന്ന ഘടകത്തിന്

അനുവദിച്ചിരിക്കുന്ന 131 ലക്ഷം രൂപയിൽ നിന്നും ധനപുനഃക്രമീകരണം വഴിയും വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2018-19 സാമ്പത്തിക വർഷത്തെ ആദ്യ ബാച്ചിലെ അധിക ധനാഭ്യർത്ഥനയ്ക്കുള്ള (Supplementary Demand for Grants) പ്രൊപ്പോസലിൽ 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 1, 17 എന്നിവയ്ക്ക് സമിതി ശിപാർശ ചെയ്തിട്ടുള്ള അധിക തുക വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2435-01-800-94—<u>മൂല്യവർദ്ധനവ്</u>

വിഹിതം : 25,31,00,000 രൂപ (പദ്ധതി)

നീര ഉല്പാദനത്തിനും സംസ്കരണത്തിനും 2018-19 ബജറ്റിൽ പ്രത്യേക തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നീര ഉല്പാദനത്തിനും സംസ്കരണത്തിനും അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

4401-00-104-98—<u>ഡിപ്പാർട്ട്മെന്റ് കൃഷിത്തോട്ടങ്ങളിൽ നടീൽ വസ്തുക്കളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കൽ</u>

വിഹിതം : 6,10,00,000 രൂപ (പദ്ധതി)

ഫാമുകളുടെ അടിസ്ഥാന സൗകര്യത്തിന് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഫാമുകളുടെ അടിസ്ഥാന സൗകര്യത്തിന് അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

**കേരള സംസ്ഥാന ബഹുദൂര ഗ്രഹണ പരിസ്ഥിതി കേന്ദ്രം (KSREC)**

2402-00-001-94-31—<u>കേരള സംസ്ഥാന ബഹുദൂര ഗ്രഹണ പരിസ്ഥിതി കേന്ദ്രം (KSREC) (സഹായധനം-ശമ്പളം)</u>

വിഹിതം : 90,97,000 രൂപ (പദ്ധതിയേതരം)

ഐ.എസ്.ആർ.ഒ. യിൽ നിന്നും ഗവൺമെന്റ് നിയമിച്ച ഡയറക്ടറുടെ കേന്ദ്ര നിരക്കിലുള്ള ശമ്പളം നൽകുന്നതിനു വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 27.04 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കെ.എസ്.ആർ.ഇ.സി.-ക്ക് നടപ്പ് സാമ്പത്തിക വർഷം പദ്ധതിയേതര സഹായമായി 2402-00-001-94-31 എന്ന ശീർഷകത്തിൽ 90.97 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുക വിനിയോഗിച്ചശേഷം അധിക തുകയ്ക്കുള്ള നിർദ്ദേശം സമർപ്പിക്കുവാൻ കെ. എസ്. ആർ. ഇ. സി. ഡയറക്ടർക്ക് 11-9-2018-ലെ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. അധിക തുകയ്ക്കുള്ള നിർദ്ദേശം കെ.എസ്.ആർ.ഇ.സി. ഡയറക്ടർ സമർപ്പിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

<u>ശിപാർശ</u>

2415-01-277-99-31—<u>കേരള കാർഷിക സർവ്വകലാശാല സഹായധനം-ശമ്പളം</u>

വിഹിതം : 340,40,63,000 രൂപ (പദ്ധതിയേതരം)

കെ.പി.എസ്.സി. മുഖേനയുള്ള അനദ്ധ്യാപക ജീവനക്കാരുടെ നിയമനം, ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്കരണം, ജീവനക്കാരുടെ ശമ്പളപരിഷ്കരണ കുടിശ്ശിക, കരിയർ അഡ്വാൻസ്മെന്റ്, പ്രൊമോഷൻ കുടിശ്ശിക, അദ്ധ്യാപക നിയമനം, ഉയർന്ന തോതിലുള്ള വിരമിക്കൽ, യു.ജി.സി. ശമ്പള പരിഷ്കരണം, പെൻഷൻ, പി.എഫ്. തുടങ്ങിയവയിലെ ബാധ്യതകൾ എന്നിവ നൽകുന്നതിന് ഈ ശീർഷകത്തിൽ 255.4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ പ്രകാരം കാർഷിക സർവ്വകലാശാല അധിക ധനസഹായത്തിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നു. എന്നാൽ സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സന്ദർഭത്തിൽ അധിക ധനാനുമതി നല്കാനാവാത്തതിനാൽ പദ്ധതിയേതര ചെലവുകൾ ഈ വർഷത്തെ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്താൻ സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശിപാർശ</u>

2551-60-101-97—<u>കാസർഗോഡ് പാക്കേജ്</u>

വിഹിതം : 95,00,00,000 രൂപ (പദ്ധതി)

115 കോടി രൂപയുള്ള 72 പദ്ധതികൾ നടപ്പിലാക്കുന്നതിന് ബജറ്റ് വിഹിതം വളരെ പരിമിതമായതിനാൽ ഈ ശീർഷകത്തിൽ 20 കോടി രൂപ കൂടി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കാസർഗോഡ് വികസന പാക്കേജിനായി, വിഷയനിർണ്ണയ സമിതി അധികമായി ശിപാർശ ചെയ്ത 20 കോടി രൂപ, പദ്ധതിയുടെ നടത്തിപ്പിനനുസരിച്ച് ആവശ്യമെങ്കിൽ അനുവദിക്കുന്നതാണ്.

<u>ശിപാർശ</u>

4551-01-800-98—<u>മലയോര വികസന ഏജൻസി (RIDF)</u>

വിഹിതം : 3,00,00,000 രൂപ (പദ്ധതി)

2017-18 സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനർവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നടപ്പ് സാമ്പത്തിക വർഷം നബാർഡ് പ്രവർത്തികളുടെ ബിൽ കുടിശ്ശിക മാറുന്നതിനുവേണ്ടി 4551-01-800-98 എന്ന ശീർഷകത്തിനു കീഴിൽ 417.75 ലക്ഷം രൂപ അധിക ധനാനുമതിയായി 5-6-2018-ലെ G.O.(Rt.) No.4769/2018/Fin. ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2402-00-102-78—<u>ജലാശയങ്ങളുടെയും നീരുറവകളുടെയും പുനരുജ്ജീവനം</u>

വിഹിതം : 50,00,000 രൂപ (പദ്ധതി)

ഹരിത കേരള മിഷന്റെ ഭാഗമായി നടപ്പിലാക്കുന്ന പരമ്പരാഗത ഉറവകളുടെയും ജലസ്രോതസ്സുകളുടെയും ജല നിർഗ്ഗമന മാർഗ്ഗങ്ങളുടെയും നദികളുടെയും കൈവഴികളുടെയും പുനരുജ്ജീവനത്തിനും ഭൂഗർഭ ജലവിതാനം ഉയർത്തുവാനും നീർച്ചാലുകളുടെ പുനരുജ്ജീവനത്തിനുമായുള്ള ഈ പദ്ധതിക്ക് പുതുതായി അനുവദിച്ച ശീർഷകത്തിലെ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടി പദ്ധതികളുടെ നടത്തിപ്പിനായി ഈ ശീർഷകത്തിൽ 4.5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2018-19 സാമ്പത്തിക വർഷം "ജലാശയങ്ങളുടേയും നീരുറവകളുടേയും പുനരുജ്ജീവനം" എന്ന പുതിയ പദ്ധതിക്കായി 2402-00-102-78 പ്ലാൻ എന്ന ശീർഷകത്തിൽ സംസ്ഥാന ബജറ്റിൽ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിന് 50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ലയിലെ കുളങ്ങളുടെ പുനരുദ്ധാരണം, കരമനയാറിന്റെ കൈവഴികളുടെ പുനരുജ്ജീവനം, പാലക്കാട് ജില്ലയിലെ പെരുമാട്ടി പഞ്ചായത്തിലെ ഭൂഗർഭ ജലവിതാന പരിപോഷണം എന്നീ പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരുന്നത്. പ്രതികൂല കാലാവസ്ഥാ ഘടകങ്ങളും സംസ്ഥാനം 2018-ൽ നേരിട്ട പ്രളയവും കാരണം വകുപ്പിന് മേൽസൂചിപ്പിച്ച പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ സാധിച്ചില്ല. കേവലം 14.50 ലക്ഷം രൂപ മാത്രമേ ഈ ശീർഷകത്തിൽ ചെലവഴിക്കുവാൻ സാധിച്ചിട്ടുള്ളൂ. ആയതിനാൽ സമിതി ശിപാർശ ചെയ്തിരുന്ന പ്രകാരം പ്രസ്തുത ഹെഡ്ഡിൽ 4.5 കോടി രൂപ അധികമായി വകയിരുത്തേണ്ട സാഹചര്യം ഉണ്ടായില്ല.

<u>ശിപാർശ</u>

2408-02-190-98—<u>കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിലെ കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾക്കുള്ള ധനസഹായം</u>

വിഹിതം : 75,00,000 രൂപ (പദ്ധതി)

കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ 56 വെയർഹൗസുകൾ കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നതായി സമിതി മനസ്സിലാക്കുന്നു. കമ്പ്യൂട്ടറൈസേഷനും നൂതന സാങ്കേതികവിദ്യാ വികസനത്തിനുമായി വെയർഹൗസിംഗ് കോർപ്പറേഷന് ധനസഹായമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.43 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ 56 വെയർഹൗസുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുവേണ്ടി 75 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിരുന്നു. ഈ തുക അപര്യാപ്തമായതിനാൽ 1.43 കോടി രൂപ 11/2018-നുള്ള രണ്ടാം ബാച്ചിലും 12/2018-ലെ മൂന്നാം ബാച്ചിലും ഉപധനാഭ്യർത്ഥനയായി ആവശ്യപ്പെട്ടെങ്കിലും തുക അനുവദിച്ചില്ല.

<u>ശിപാർശ</u>

4408-02-101-98—<u>ഗോഡൗണുകളുടെയും കാർഷിക സമുച്ചയത്തിന്റെയും നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് നൽകുന്ന സഹായം</u>

വിഹിതം : 2,00,00,000 രൂപ (പദ്ധതി)

ഗോഡൗണുകളുടെയും കാർഷിക സമുച്ചയത്തിന്റെയും നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് നൽകിയിട്ടുള്ള ബജറ്റ് വിഹിതം കുറവാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.8 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഗോഡൗണുകളുടെയും കാർഷിക സമുച്ചയത്തിന്റെയും നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് സഹായം നൽകുന്നതിന് ബജറ്റ് വിഹിതമായ 2 കോടി രൂപ അപര്യാപ്തമായതിനാൽ 1.8 കോടി രൂപ 11/2018-നുള്ള രണ്ടാം ബാച്ചിലും 12/2018-ലെ മൂന്നാം ബാച്ചിലും ഉപധനാഭ്യർത്ഥനയായി ആവശ്യപ്പെട്ടെങ്കിലും തുക അനുവദിച്ചില്ല.

ശിപാർശ

4408-02-190-99—കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ മൂതൽ മുടക്ക്

വിഹിതം : 50,00,000 രൂപ (പദ്ധതി)

2013-14, 2014-15, 2015-16, 2016-17 വർഷങ്ങളിൽ പദ്ധതിയിട്ടിരുന്ന ഗോഡൗണുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷനിൽ നിന്നും പ്രസ്തുത വർഷങ്ങളിലെ ഓഹരി മൂലധനം ലഭിക്കുന്നതിനുമായി Share Capital ഇനത്തിൽ സംസ്ഥാന സർക്കാർ വകയിരുത്തിയ ഓഹരി മൂലധനം 2 കോടി രൂപയും (ഓരോ വർഷവും 50 ലക്ഷം രൂപ വീതം) കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ കീഴിൽ കാസർഗോഡ് ജില്ലയിലെ പടന്നക്കാട് 290 MT സംഭരണ ശേഷിയുള്ള ഗോഡൗണിന്റെ നിർമ്മാണത്തിനായി ബാക്കി ലഭിക്കേണ്ട 10 ലക്ഷം രൂപയും ചേർത്ത് 2.1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സർക്കാർ സ്വീകരിച്ച നടപടി

കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ മൂതൽമുടക്കായി ബജറ്റ് വിഹിതമായി അനുവദിച്ച 50 ലക്ഷം രൂപ അപര്യാപ്തമായിരുന്നു. 2013-14, 2014-15, 2015-16, 2016-17 വർഷങ്ങളിൽ പദ്ധതിയിട്ടിരുന്ന ഗോഡൗണുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷനിൽ നിന്നും പ്രസ്തുത വർഷങ്ങളിലെ ഓഹരി മൂലധനം ലഭിക്കുന്നതിനുമായി ഷെയർ ക്യാപ്പിറ്റൽ ഇനത്തിൽ 2 കോടി രൂപയും (ഓരോ വർഷവും 50 ലക്ഷം രൂപ വീതം) കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ കീഴിൽ കാസർഗോഡ് ജില്ലയിലെ പടന്നക്കാട് 290 MT സംഭരണശേഷിയുള്ള ഗോണൗഡുകളുടെ നിർമ്മാണത്തിനായി ബാക്കി ലഭിക്കേണ്ട 10 ലക്ഷം രൂപയും ചേർത്ത് 2.1 കോടി രൂപ ഉപധനാഭ്യർത്ഥനയായി 11/2018-ലെ രണ്ടാം ബാച്ചിലും 12/2018-ലെ മൂന്നാം ബാച്ചിലും ആവശ്യപ്പെട്ടെങ്കിലും തുക അനുവദിച്ചില്ല.

ശിപാർശ

6408-02-190-98—RIDF XVII-ന്റെ കീഴിൽ ഗോഡൗണുകളുടെ നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് ലോൺ

വിഹിതം : ഇല്ല. (പദ്ധതി)

നബാർഡ് WIF (Warehouse Infrastructure Fund) പദ്ധതിയിൻ കീഴിൽ ഗോഡൗണുകളുടെ നിർമ്മാണത്തിനായി തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഗോഡൗണുകളുടെ നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ 11.75 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

6408-02-190-98-എന്ന ശീർഷകം RIDF XVII-ൽ നബാർഡ് അംഗീകരിച്ച പദ്ധതികൾക്കുള്ള തുക അനുവദിക്കുന്നതിനുവേണ്ടിയുള്ള വായ്പാ ശീർഷകമാണ് നബാർഡ് WIF (Warehouse Infrastructure Fund)-ന് കീഴിലെ കേരള സംസ്ഥാന വെയർഹൗസ് കോർപ്പറേഷന്റെ പുതിയ പദ്ധതികൾക്കുള്ള വായ്പ നബാർഡിൽ നിന്നും ഇതുവരെ ലഭിച്ചിട്ടില്ല. പദ്ധതി നിർവ്വഹണ പുരോഗതി അനുസരിച്ച് സമർപ്പിക്കപ്പെടുന്ന റീഇംബേഴ്സ്മെന്റ് ക്ലെയിമിന്റെ അടിസ്ഥാനത്തിൽ നബാർഡിൽ നിന്നും വായ്പ ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ തുക ടി ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ധനകാര്യ വകുപ്പിൽ നിന്നുള്ള മറുപടി സ്റ്റേറ്റ്മെന്റ്)

<u>ശിപാർശ</u>

വെയർഹൗസിംഗ് കോർപ്പറേഷനിൽ നിന്നും 2009 വർഷം മുതൽ റിട്ടയർ ചെയ്ത 200 ഓളം ജീവനക്കാർക്ക് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നാളിതുവരെയായി പൂർണ്ണമായി കൊടുത്തിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ "New Service Procedure" പ്രകാരം ഹെഡ് ഓഫ് അക്കൗണ്ട് ആരംഭിച്ച് മേൽപ്പടി വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുന്നതിനായി 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിൽ നിന്നും 2009 വർഷം മുതൽ റിട്ടയർ ചെയ്ത 200 ഓളം ജീവനക്കാർക്ക് അനുവദിച്ച് നൽകുവാനുള്ള റിട്ടയർമെന്റ് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് New Service Procedure പ്രകാരം ഹെഡ് ഓഫ് അക്കൗണ്ട് അനുവദിച്ച് വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുന്നതിനായി 11/2018-ലെ രണ്ടാം ബാച്ചിലും 12/2018-ലെ മൂന്നാം ബാച്ചിലും ഉപധനാഭ്യർത്ഥനയായി തുക ആവശ്യപ്പെട്ടെങ്കിലും അനുവദിച്ചില്ല.

<u>ശിപാർശ</u>

2810-00-105-99—<u>ബയോഗ്യാസ് വികസനത്തിനുള്ള ദേശീയ പരിപാടി</u>

വിഹിതം : 1,00,000 രൂപ (പദ്ധതി)

ബയോഗ്യാസ് പ്ലാന്റുകൾക്കുള്ള സബ്സിഡിയിനത്തിലും പരിശീലനങ്ങൾ നടത്തുന്നതിനും ബജറ്റ് വിഹിതം വളരെ കുറവാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.69 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി സമിതി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബയോഗ്യാസ് പ്ലാന്റുകൾക്കുള്ള സബ്സിഡിയിനത്തിലും പരിശീലനങ്ങൾ നടത്തുന്നതിനും ബജറ്റ് വിഹിതം വളരെ കുറവാകയാൽ 05/2018-നുള്ള ഒന്നാം ബാച്ച് ഉപധനാഭ്യർത്ഥനയിൽ 381.78 ലക്ഷം രൂപയും 11/2018-നുള്ള രണ്ടാം ബാച്ച് ഉപധനാഭ്യർത്ഥനയിൽ 449.04 ലക്ഷം രൂപയും ആവശ്യപ്പെട്ടിരുന്നു. തുക യാതൊന്നും അനുവദിക്കാത്തതിനാൽ 450.04 ലക്ഷം രൂപ 12/2018-നുള്ള മൂന്നാം ബാച്ചിൽ ഉപധനാഭ്യർത്ഥനയിൽ ആവശ്യപ്പെട്ടതനുസരിച്ച് 450.04 ലക്ഷം രൂപ അധികധനാനുമതിയായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2403-00-001-98—<u>ജില്ലാ ഭരണം</u>

വിഹിതം 22,74,14,000 രൂപ (പദ്ധതിയേതരം)

ജീവനക്കാർക്ക് മെഡിക്കൽ റീഇമ്പേഴ്സ്മെന്റ്, വെള്ളക്കരം, വാടക, കരം, നികുതി, വൈദ്യുതി ചാർജ്ജ് എന്നിവയ്ക്കു വേണ്ടി ഈ ശീർഷകത്തിൽ 5.4 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധികമാവശ്യപ്പെട്ട തുക ലഭ്യമായിട്ടില്ല.

<u>ശിപാർശ</u>

2403-00-101-99—<u>കന്നുകാലി പ്ലേഗ്ഗ രോഗ നിർമ്മാർജ്ജനം</u>

വിഹിതം : 12,34,51,000 രൂപ (പദ്ധതിയേതരം)

വെള്ളക്കരം, വാടക, നികുതി എന്നിവ നൽകുന്നതിന് ഈ ശീർഷകത്തിൽ 2.9 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധികമാവശ്യപ്പെട്ട തുക ലഭ്യമായിട്ടില്ല.

<u>ശിപാർശ</u>

2403-00-101-97—<u>മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും</u>

വിഹിതം : 71,02,76,000 രൂപ (പദ്ധതിയേതരം)

ജീവനക്കാർക്കുള്ള മെഡിക്കൽ റീഇംബേഴ്സ്മെന്റിനായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധികമാവശ്യപ്പെട്ട തുക ലഭ്യമായിട്ടില്ല.

<u>ശിപാർശ</u>

2403-00-101-71—<u>വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം</u>

വിഹിതം : 7,25,00,000 രൂപ (പദ്ധതി)

നിലവിൽ 105 ബ്ലോക്കുകളിൽ ലഭ്യമാക്കിക്കൊണ്ടിരിക്കുന്ന രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം ബാക്കിയുള്ള 47 ബ്ലോക്കുകളിൽ കൂടി ലഭ്യമാക്കുന്നതിന് ഈ ശീർഷകത്തിൽ 2.9751 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധികമാവശ്യപ്പെട്ട തുക ലഭ്യമായിട്ടില്ല.

<u>ശിപാർശ</u>

2403-00-102-99—<u>ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ</u>

വിഹിതം : 83,23,67,000 രൂപ (പദ്ധതിയേതരം)

മെഡിക്കൽ റീഇമ്പേഴ്സ്മെന്റിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധികമാവശ്യപ്പെട്ട തുക ലഭ്യമായിട്ടില്ല

<u>ശിപാർശ</u>

2403-00-102-97—<u>ലൈവ് സ്റ്റോക്ക് ഫാമുകൾ</u>

വിഹിതം : 13,37,52,000 രൂപ (പദ്ധതിയേതരം)

യാത്രാബത്ത, ടെലിഫോൺ ചാർജ്ജ്, മറ്റിനങ്ങൾ എന്നിവക്കുവേണ്ടി ഈ ശീർഷകത്തിൽ 60,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധികമാവശ്യപ്പെട്ട തുക ലഭ്യമായിട്ടില്ല

<u>ശിപാർശ</u>

2403-00-102-96—<u>വർഗ്ഗസങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ</u>

വിഹിതം : 31,23,15,000 രൂപ (പദ്ധതിയേതരം)

ടെലിഫോൺ ചാർജ്ജ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 20,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധികമാവശ്യപ്പെട്ട തുക ലഭ്യമായിട്ടില്ല

<u>ശിപാർശ</u>

2403-00-113-98—<u>സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗം സ്ഥാപിക്കൽ</u>

വിഹിതം : 92,93,000 രൂപ (പദ്ധതിയേതരം)

ജീവനക്കാർക്ക് സ്ഥലംമാറ്റബത്ത നൽകുന്നതിനായി ഈ ശീർഷകത്തിൽ 46,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധികമാവശ്യപ്പെട്ട തുക ലഭ്യമായിട്ടില്ല.

<u>ശിപാർശ</u>

2403-00-190-94—<u>കെ.എസ്.പി.ഡി.സി.-ക്ക് സഹായം</u>

വിഹിതം : 8,17,00,000 രൂപ (പദ്ധതി)

സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ സംസ്ഥാനത്തെ മുട്ടയുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സുപ്രധാന പങ്ക് വഹിക്കുന്നു. ഈ കോർപ്പറേഷന്റെ പ്രവർത്തനം സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കാൻ സാധിച്ചതും ഈ പദ്ധതികളിലൂടെയാണ്. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ വിവിധ പദ്ധതികളുടെ തുടർ നടത്തിപ്പിന് ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിഹിതം പരിമിതമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വിവിധ പദ്ധതികളായ കെപ്കോ ആശ്രയ പദ്ധതിക്ക് 2.5 കോടി രൂപയും വനിതാ മിത്രം പദ്ധതിക്ക് 1.5 കോടി രൂപയും ഫാമുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ പദ്ധതിക്ക് 2 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 6 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തുക അനുവദിച്ച് നൽകിയിട്ടില്ല.

<u>ശിപാർശ</u>

2415-03-277-99—<u>കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി</u>

വിഹിതം : 50,00,00,000 രൂപ (പദ്ധതി)

പാലക്കാട് ജില്ലയിലെ തിരുവിഴാംകുന്ന് കന്നുകാലി ഗവേഷണ ഫാമിൽ 90 കോടി ചെലവിൽ ഒരു പുതിയ വെറ്ററിനറി കോളേജ് തുടങ്ങുന്നതിനായി കെട്ടിടങ്ങളുടെയും അക്കാദമിക് ബ്ലോക്കിന്റെയും നിർമ്മാണത്തിനും ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തുക അനുവദിച്ച് നൽകിയിട്ടില്ല.

<u>ശിപാർശ</u>

2415-03-277-99-31—<u>കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി-സഹായധനം-ശമ്പളം</u>

വിഹിതം : 80,97,79,000 രൂപ (പദ്ധതിയേതരം)

കേരള കാർഷിക സർവ്വകലാശാലയിൽ നിന്ന് ലഭിക്കേണ്ടതായ പ്രോവിഡന്റ് ഫണ്ടും അതിന്റെ പലിശയും, ലഭിക്കാത്ത സാഹചര്യത്തിലും വെറ്ററിനറി സർവ്വകലാശാലയിൽ നിന്നു വിരമിച്ച പെൻഷനേഴ്സിന് കൊടുക്കാനുള്ള ഡി.സി.ആർ.ജി., ടെർമിനൽ സറണ്ടർ, അദ്ധ്യാപകരുടെ യു.ജി.സി. കുടിശ്ശിക മുതലായവ നൽകുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 4.45660 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തുക അനുവദിച്ച് നൽകിയിട്ടില്ല.

<u>ശിപാർശ</u>

2403-00-190-93—<u>എം.പി.ഐ.-ക്ക് സഹായം</u>

വിഹിതം : 2,50,00,000 രൂപ (പദ്ധതി)

മാംസോൽപ്പാദന രംഗത്ത് കേരളത്തിൽ പ്രവർത്തിക്കുന്ന ഒരേയൊരു പൊതുമേഖലാ സ്ഥാപനമാണ് മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ (എം.പി.ഐ.) ലിമിറ്റഡ്. ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിനുവേണ്ടി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക വളരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ എം.പി.ഐ.-യുടെ ഇടയാറിലെ ഹൈടെക് സ്ലോട്ടർ ഹൗസ് നിർമ്മാണം പൂർത്തിയാക്കി ഈ വർഷം കമ്മീഷൻ ചെയ്യുന്നതിന് 1.8612 കോടി രൂപയും ഇടയാറിലെ എം.പി.ഐ. കാമ്പസിലുള്ള കോഴി ഇറച്ചി സംസ്കരണ പ്ലാന്റിനോട് ചേർന്ന് അധിക ശേഷിയുള്ള ഒരു റെന്ററിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 1 കോടി രൂപയും ഇടയാറിൽ എം.പി.ഐ. കാമ്പസിൽ ഓട്ടോമാറ്റിക് ഓപ്പൺ ബ്രോയിലർ ഫാമിംഗ് തുടങ്ങുന്നതിന് 1 കോടി രൂപയും സപ്ലൈ ചെയിൻ ത്വരിതപ്പെടുത്താൻ ശീതീകരണ സംവിധാനമുള്ള 4 റീഫർ വാനുകൾ വാങ്ങുന്നതിനും പ്രധാനപ്പെട്ട സിറ്റികളിൽ മൊബൈൽ സെയിൽസ് വാൻ ഏർപ്പെടുത്താൻ 10 മൊബൈൽ വാനുകൾ വാങ്ങുന്നതിനുമായി 1 കോടി രൂപയും ചാലക്കുടിയിലെ പരിയാരം വില്ലേജിൽ

എം.പി.ഐ.-യുടെ ഉടമസ്ഥതയിലുള്ള 16 ഏക്കർ സ്ഥലത്ത് ഒരു ഓപ്പൺ ലൈവ് സ്റ്റോക്ക് ഫാം കം റെസ്റ്റിംഗ് സെന്റർ നടപ്പിലാക്കാൻ 1 കോടി രൂപയും ഭക്ഷ്യസുരക്ഷ അവയർനസ് പ്രോഗ്രാമിന് 1 കോടി രൂപയും തിരുവനന്തപുരത്ത് ഒരു മോഡേൺ മീറ്റ് ഷോപ്പ് സ്ഥാപിക്കാൻ 25 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 7.1112 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തുക അനുവദിച്ച് നൽകിയിട്ടില്ല.

<u>ശിപാർശ</u>

6403-00-190-99—<u>മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡിനുള്ള വായ്പകൾ (ആർ.ഐ.ഡി.എഫ്. ലോൺ)</u>

വിഹിതം : 9,50,00,000 രൂപ (പദ്ധതി)

ഇടയാറിൽ പ്രവർത്തിക്കുന്ന എം.പി.ഐ. ഫാക്ടറിയിൽ നിന്നും കശാപ്പ് ചെയ്യുന്ന മാംസം പായ്ക്ക് ചെയ്ത് കാർക്കാസാക്കി (carcass) കൊണ്ടു വന്ന് ഏത്തുർ മാംസ സംസ്കരണ യൂണിറ്റിൽ ഭക്ഷണത്തിന് പാകമാകുന്ന റെഡി ടു സെർവ് ഉല്പന്നങ്ങളാക്കി സംസ്കരിച്ച് പായ്ക്ക് ചെയ്ത് മാർക്കറ്റ് ചെയ്യാൻ ഈ ശീർഷകത്തിൽ 8 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തുക അനുവദിച്ച് നൽകിയിട്ടില്ല.

<u>ശിപാർശ</u>

2403-00-190-86—<u>കേരള ഫീഡ്സ് ലിമിറ്റഡിനുള്ള സഹായം</u>

വിഹിതം : 7,85,00,000 രൂപ (പദ്ധതി)

കേരള സർക്കാരിന്റെ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമാണ് കേരള ഫീഡ്സ് ലിമിറ്റഡ്. കേരള ഫീഡ്സിന്റെ എല്ലാ യൂണിറ്റുകളുടെയും സുഗമമായ പ്രവർത്തനത്തിന് ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക വളരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കേരള ഫീഡ്സിന്റെ വിവിധ

യൂണിറ്റുകളായ ഇടുക്കി ജില്ലയിലെ അരീക്കഴ പഞ്ചായത്തിൽ പ്രതിദിനം 500 ടൺ ഉൽപ്പാദനശേഷിയുള്ള ഒരു ഹൈടെക് കാലിത്തീറ്റ നിർമ്മാണ യൂണിറ്റിന്റെ പൂർത്തീകരണത്തിന് 50 ലക്ഷം രൂപയും തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിലുള്ള പ്രതിദിനം 650 ടൺ ഉല്പാദന ശേഷിയുള്ള കാലിത്തീറ്റ നിർമ്മാണ യൂണിറ്റിന്റെയും കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിലുള്ള പ്രതിദിനം 300 ടൺ ഉല്പാദന ശേഷിയുള്ള കാലിത്തീറ്റ ഫാക്ടറിയിലെയും അടിസ്ഥാന സൗകര്യ വിപുലീകരണത്തിനുമായി 2.5 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തുക അനുവദിച്ച് നൽകിയിട്ടില്ല.

<u>ശിപാർശ</u>

2403-00-190-83—<u>കേരള ലൈവ് സ്റ്റോക്ക് ബോർഡിനുള്ള സഹായം</u>

വിഹിതം : 21,41,00,000 രൂപ (പദ്ധതി)

കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ലിമിറ്റഡിന്റെ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക വളരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കേരള ലൈവ് സ്റ്റോക്ക് ബോർഡിന്റെ വിവിധ പദ്ധതികളായ ഹേർഡ് ബുക്ക് സ്കീമിന് 3 ലക്ഷം രൂപയും, മലബാറി ആടുകളുടെ സംരക്ഷണവും മെച്ചപ്പെടുത്തലും പദ്ധതിക്ക് 1 ലക്ഷം രൂപയും, തീറ്റപ്പുല്ലിന്റെയും പുൽ വിത്തുകളുടെയും ഗവേഷണവും വികസനവും നടത്തുന്നതിനു വേണ്ടിയുള്ള പദ്ധതിക്ക് 2 ലക്ഷം രൂപയും മൃഗസംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് പരിശീലനം നൽകുന്നതിനുള്ള പദ്ധതിക്ക് 1 ലക്ഷം രൂപയും കന്നുകാലി പ്രജനനം ശക്തിപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനം പദ്ധതിക്ക് 16 ലക്ഷം രൂപയും ആടുകളുടെ കൃത്രിമ ബീജധാനത്തിനായി ഗാഢശീതീകരിച്ച ബീജമാത്രകളുടെ ഉല്പാദനവും വിതരണവും പദ്ധതിക്കായി 1 ലക്ഷം രൂപയും പന്നിവളർത്തൽ മേഖലയുടെ വികസനത്തിനായി 30 ലക്ഷം രൂപയും കുടുംബശ്രീ യൂണിറ്റുകളുമായി സഹകരിച്ച് തീറ്റപ്പുൽ ഉല്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും തീറ്റപ്പുൽ ഡെമോൺസ്ട്രേഷൻ പ്ലോട്ടുകൾ സ്ഥാപിക്കുകയും ചെയ്യുന്നതിനുള്ള പദ്ധതിക്ക് 44 ലക്ഷം രൂപയും ഇടുക്കി ജില്ലയിലെ കോലാഹലമേട്ടിലും മാട്ടുപ്പെട്ടിയിലും കൊല്ലം ജില്ലയിലെ കുളത്തുപ്പുഴയിലുമുള്ള ഹൈടെക് ബുൾ മദർ ഫാമുകൾക്കുള്ള സഹായം പദ്ധതിയിൽ 68 ലക്ഷം രൂപയും ഫീൽഡ് പെർഫോർമൻസ് റിക്കാർഡിംഗ് വഴി

കന്നുകാലികളുടെ ജനിതക ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതിക്കായി 35 ലക്ഷം രൂപയും കേരളത്തിന്റെ തനതു ജനുസുകളായ വെച്ചൂർ, കാസർഗോഡ് ഡ്വാർഫ്, മറുനാടൻ ജനുസ്സുകളുടെയും സംരക്ഷണത്തിനും വ്യാപനത്തിനുമുള്ള പദ്ധതിക്കായി 20 ലക്ഷം രൂപയും വിത്തു കാളകളുടെ ജീനോമിക് തിരഞ്ഞെടുപ്പിനായി ജീനോമിക് ലബോറട്ടറി പദ്ധതിക്കായി 30 ലക്ഷം രൂപയും തീറ്റപ്പുൽ വിത്തുല്പാദനവും വിപണനവും പദ്ധതിക്കായി 5 ലക്ഷം രൂപയും ഉൾപ്പെടെ 2.56 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തുക അനുവദിച്ച് നൽകിയിട്ടില്ല.

<u>ശിപാർശ</u>

2404-00-102-96—<u>ഗ്രാമീണ ക്ഷീരവ്യവസായ വികസന ഉപദേശക പ്രവർത്തനങ്ങൾ</u>

വിഹിതം : 5,45,00,000 രൂപ (പദ്ധതി)

ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന വിജ്ഞാന വ്യാപന പ്രവർത്തനത്തിനും ഉപദേശക സേവനങ്ങൾക്കും ക്ഷീരകർഷകർക്കും ഉരുക്കൾക്കും അപ്രതീക്ഷിതമായി ഉണ്ടാകുന്ന സാമ്പത്തിക നഷ്ടങ്ങൾക്ക് ധനസഹായം നൽകുന്നതിനും കണ്ടിജൻസി ഫണ്ടിനത്തിൽ വകുപ്പിന് മതിയായ തുക ലഭ്യമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 49 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ കണ്ടിജൻസി ഫണ്ടിനത്തിനായി 49 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്ത പ്രകാരം വകുപ്പ് ആയതിനുള്ള പ്രൊപ്പോസൽ ആദ്യ ഉപധനാഭ്യർത്ഥനയ്ക്ക് സമർപ്പിച്ചിരുന്നു. (Letter No. B1/7568/2018 dt. 16-5-2018) എന്നാൽ ടി ശീർഷകത്തിൽ അധിക തുകയൊന്നും 2018-19-ലെ ആദ്യ ഉപധനാഭ്യർത്ഥനയിൽ ലഭിച്ചിട്ടില്ല. രണ്ടാം ഉപധനാഭ്യർത്ഥനയിൽ ടി തുകയ്ക്കുള്ള പ്രൊപ്പോസൽ ബി1/19764/18 തീയതി 9-11-2018 നമ്പർ കത്തു പ്രകാരം വീണ്ടും സമർപ്പിച്ചിരുന്നു.

എന്നാൽ, രണ്ടാം എസ്.ഡി.ജി. യിൽ തുകയൊന്നുംതന്നെ ലഭിച്ചിട്ടില്ല. തുടർന്ന് ധനകാര്യവകുപ്പ് മൂന്നാം ഉപധനാഭ്യർത്ഥന സർക്കുലർ (120/2018/ധന. തീയതി, 20-12-2018) പുറപ്പെടുവിച്ച മുറയ്ക്ക് മൂന്നാം ഉപധനാഭ്യർത്ഥനയിൽ ടി തുകയ്ക്കുള്ള പ്രൊപ്പോസൽ 24-12-2018-ലെ ബി1/19764/18 നമ്പർ കത്ത് പ്രകാരം വീണ്ടും സമർപ്പിച്ചിരുന്നു. എന്നാൽ മൂന്നാം എസ്.ഡി.ജി. യിലും തുകയൊന്നുംതന്നെ ലഭിച്ചിട്ടില്ല.

<u>ശിപാർശ</u>

2404-00-102-79—<u>കാലിത്തീറ്റയ്ക്കുള്ള സബ്സിഡി</u>

വിഹിതം : 15,00,00,000 രൂപ (പദ്ധതി)

വർഷം മുഴുവൻ കാലിത്തീറ്റ സബ്സിഡി കർഷകർക്ക് ലഭ്യമാക്കുമെന്ന് സർക്കാർ വാഗ്ദാനം ചെയ്തിരുന്നു. ഈയിനത്തിൽ 3.5 ലക്ഷം കർഷകർക്ക് ഒരു രൂപ നിരക്കിൽ വർഷം മുഴുവനും കാലിത്തീറ്റ സബ്സിഡി നൽകുവാൻ ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 46 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വർഷം മുഴുവൻ കാലിത്തീറ്റ സബ്സിഡി നൽകുന്നതിനായി 61 കോടി രൂപ ആവശ്യപ്പെട്ടിരുന്നതിൽ വകുപ്പിന് വകയിരുത്തി ലഭിച്ച 15 കോടി അപര്യാപ്തമെന്ന് കണ്ട് സമിതി ശിപാർശ ചെയ്ത 46 കോടി അധിക തുകയ്ക്കായി 2018-19-ലെ ആദ്യ ഉപധനാഭ്യർത്ഥനയിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും (Letter No. B1/7568/2018 dt. 16-5-2018) 2018-19-ൽ അധിക തുക അനുവദിച്ച് ലഭിച്ചിട്ടില്ല. രണ്ടാം ഉപധനാഭ്യർത്ഥനയിൽ ടി തുകയ്ക്കുള്ള പ്രൊപ്പോസൽ ബി1/19764/18 തീയതി 9-11-2018 നമ്പർ കത്ത് പ്രകാരം വീണ്ടും സമർപ്പിച്ചിരുന്നു.

